പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2557

19/12/2012-ൽ മറുപടിയ്ക്ക്

**പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ശ്രീ കുമ്മിൽ വിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാർക്ക് ശംബളം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ശ്രീ കുമ്മിൽ വിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാർക്ക് നാളിതുവരെ ശംബളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല |
| ബി) പ്രസ്തുത ക്ഷേത്രത്തിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരുള്ളത് എന്ന് പേരു സഹിതം വ്യക്തമാക്കാമോ; | ബി) ഈ ക്ഷേത്രത്തിൽ ബാബുനമ്പൂതിരി എന്നു വിളിക്കപ്പെടുന്ന ഒരു ശാന്തിക്കാരൻ മാത്രമേ ജോലി ചെയ്തു വരുന്നുള്ളൂ. |
| സി) ഇവർക്ക് അവിടെ ജോലിയെടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; | സി) ഇല്ല |
| ഡി) എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | ഡി) ചോദ്യം ഉദിക്കുന്നില്ല |
| ഇ) ജീവനക്കാർക്ക് ജോലിയെടുക്കുവാനും അവർക്ക് ശംബളം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഇ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഓരോ ക്ഷേത്രവും സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. ബോർഡ് ക്ഷേത്രഭരണത്തിന് മേൽനോട്ട നിയന്ത്രണം മാത്രമാണ് നടത്തുന്നത്. ജീവനക്കാരുടെ ശമ്പളം ലഭ്യമാക്കുന്നതിനുള്ള ചുമതല നിയമനാധികാരിയായ ക്ഷേത്രഭരണാധികാരിക്കാണ്. ആയത് നിർവ്വഹിക്കേണ്ട ക്ഷേത്രഭരണാധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇക്കാര്യങ്ങളിൽ പരാതി ലഭിക്കുന്ന സമയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തു വരുന്നത്. ക്ഷേത്രജീവനക്കാരുടെ നിയമാനുസൃതനിയമനത്തിന് അംഗീകാരം വാങ്ങുക, ശമ്പളം നൽകുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലെങ്കിൽ നിബന്ധനകൾ പാലിച്ച് ബോർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി ശമ്പളം നൽകുക എന്നിവയ്ക്ക് ക്ഷേത്രഭരണാധികാരി ബാദ്ധ്യസ്ഥനാണ്. |

സെക്ഷൻ ഓഫീസർ